## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല

**പ്രവചന കാലയളവ് 20.09.2025 മുതൽ 24.09.2025 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 38/2025 (75) വെള്ളിയാഴ്ച്ച | തീയ്യതി 19/09/2025 |
|---|---|

### 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 20.09.2025 | 21.09.2025 | 22.09.2025 | 23.09.2025 | 24.09.2025 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 1 | 0.5 | 0.6 | 2 | 2 |
| ഉയർന്ന താപനില (°C) | 30 | 30 | 30 | 30 | 30 |
| കുറഞ്ഞ താപനില (°C) | 24 | 24 | 24 | 24 | 24 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 90 | 90 | 90 | 90 | 90 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 80 | 80 | 80 | 80 | 80 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 3 | 3 | 3 | 4 | 2 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 270 | 290 | 290 | 270 | 250 |
| മേഘ വ്യാപ്തി (ഒക്ടാ ) | 8 | 7 | 8 | 8 | 8 |

കാലാവസ്ഥാ അറിയിപ്പ്:- IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ നേരിയ തോതിൽ മഴയ്ക്കു സാധ്യത. കേരളത്തിൽ ശരാശരിക്കും, ശരാശരിയേക്കാൾ കൂടുതലും മഴ ലഭിക്കാൻ സാധ്യത.

### 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും (RRS Vyttila)

പൊതുനിർദേശങ്ങൾ:-. കാലവർഷ സമയത്ത് കാർഷികവിളകൾക്ക് പ്രത്യേക വിളപരിപാലനം നടത്തേണ്ടതാണ്. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ നീർവാർച്ചാസൗകര്യങ്ങൾ ഉറപ്പുവരുത്തുക. വാഴകൾക്ക് താങ്ങുകാലുകൾ നൽകുക. പച്ചക്കറി പന്തലുകൾ കൂടുതൽ ബലപ്പെടുത്തുക. മഴയില്ലാത്ത സമയത്ത്മാത്രം കീടനാശിനി പ്രയോഗം നടത്തുക.

| വിളകൾ | രോഗ-കീടങ്ങൾ, വിള പരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (പൊക്കാളി) | പോള രോഗം | വെള്ളം വറ്റിച്ച ശേഷം ഹെക്സകൊണസോൾ 5 ഇ.സി. 1.5 മി.ലി. ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക. |
| നെല്ല് (വിരിപ്പ്) | തണ്ടു തുരപ്പൻ | തണ്ടു തുരപ്പൻ ട്രൈക്കോഗ്രാമ്മ ജപോണിക്കം എന്ന മുട്ടപരാദത്തിൻറെ ട്രൈക്കോകാർഡുകൾ ഒരു ഹെക്ടറിന് 5 cc നിരക്കിൽ വെക്കുക. നെല്ലിൻറെ തണ്ടുതുരപ്പനെതിരെയുള്ള ഫിറമോൺ കെണികൾ ഏക്കറിന് 8 എന്ന നിരക്കിൽ വയ്ക്കാം. ക്ലോറാൻട്രാനിലിപ്പ്രോൾ 0.4 G (ഏക്കറിന് 4 കിലോ) / ഫിപ്രോനിൽ 0.3 G (ഏക്കറിന് 5 കിലോ) / കാർട്ടാപ് ഹൈഡ്രോക്ലോറൈഡ് (ഏക്കറിന് 5 കിലോ) എന്നിവയിലേതെങ്കിലും ഉപയോഗിക്കുക. |
| വാഴ | സിഗെറ്റോക ഇലപ്പുള്ളി രോഗം | രോഗത്തിൻറ്റെ ആരംഭത്തിൽ തന്നെ സ്യൂഡോമോണസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക, ഒരു ശതമാനം ബോർഡോ മിശ്രിതം 3-4 പ്രാവശ്യം 3-4 ആഴ്ച കൂടുമ്പോൾ തളിക്കുക |
| തെങ്ങ് | പരിപാലനം | മണ്ട വൃത്തിയാക്കിയ ശേഷം കൃഷിയിടം വൃത്തിയാക്കി ചപ്പുചവറുകൾ തീയിട്ടു പുകയ്ക്കുക. നനയുള്ള തെങ്ങുകൾക്ക് നാലിലൊന്നു ഭാഗം രാസവളം കൊടുക്കുക. തടങ്ങളിൽ പുതയിട്ടു കൊടുക്കാം |
| | ചെല്ലിക്കുത്ത് | കൃഷിയിടം വൃത്തിയായി സൂക്ഷിക്കുക, കൂമ്പിനു ചുറ്റുമുള്ള 2-3 ഇല കവിളുകളിൽ 45 ദിവസം കൂടുമ്പോൾ മണലും പാറ്റാഗുളികയും അല്ലെങ്കിൽ തുല്യ അളവ്മണലും വേപ്പിൻപിണ്ണാക്കും ചേർത്ത് ഇടുക. മണ്ട വൃത്തിയാക്കിയ ശേഷം 20ഗ്രാം കാർട്ടാപ്പ്ഹൈ ഡ്രോക്ലോറൈഡ് 4G / ഫിപ്രോനിൽ 0.3G / കാർബോസൽഫാൻ 6G എന്നിവയിലേതെങ്കിലും 200 ഗ്രാം മണലുമായി ചേർത്തു കൂമ്പിനു ചുറ്റുമുള്ള 2-3 ഇല കവിളുകളിൽ ഇടുക. വർഷത്തിൽ മൂന്നുപ്രാവശ്യം ചെയ്യാവുന്നതാണ്. മീൻ വല കൂമ്പോലക്കു ചുറ്റും കെട്ടുകയും ഇളക്കവിളിൽ ഇറക്കിവെക്കുകയും ചെയ്യുക. |

മത്സ്യകൃഷി:- മത്സ്യകൃഷി:- മത്സ്യക്കുളങ്ങളിലെ വെള്ളത്തിൻറെ ഗുണനിലവാര പരിശോധനയ്ക്കുള്ള സൗകര്യം വൈറ്റില നെല്ല് ഗവേഷണ കേന്ദ്രത്തിൽ ലഭ്യമാണ്.